അധ്യായം 86

## അത്ത്വാരിഖ് (നിശാഗമി)

അവതരണം മക്കയിൽ, സൂക്തങ്ങൾ 17

**അദ്ധ്യായ പരിചയം:**

**പ്രവാചകൻെറ മക്കാജീവിതത്തിലവതരിച്ച ആദ്യകാല അദ്ധ്യായങ്ങളിലൊന്നാണിത്. രണ്ട് കാര്യങ്ങൾ അത് പ്രതിപാദിക്കുന്നു. അക്കാര്യം മനുഷ്യനെ ബോധ്യപ്പെടുത്താൻ അല്ലാഹു താരകങ്ങൾ നിറഞ്ഞ ആകാശത്തെ പിടിച്ചാണയിടുന്നു. ഒന്ന്, ഒരു ശുക്ലകണത്തിൽനിന്നും സജീവവും സചേതനവുമായ മനുഷ്യന് ഉൺമ നൽകിയ സ്രഷ്ടാവിന് അവൻെറ രഹസ്യവും പരസ്യവുമായ കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി അവനെ വീണ്ടും സൃഷ്ടിക്കാൻ കഴിയും.**

**രണ്ട്, ഖുർആൻ മനുഷ്യലോകത്തിന് പരിചയപ്പെടുത്തുന്ന ഈവക സത്യങ്ങളെ നിരാകരിച്ച് അതിനെതിരെ കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർ മനസ്സിലാക്കേണ്ട സംഗതിയെപ്പറ്റി പറയുന്നു, അവരുടെ കുതന്ത്രം കേമമൊന്നുമല്ല, അതിനെക്കാൾ മികച്ച രീതിയിലുള്ളത് അല്ലാഹുവിൻെറ തന്ത്രങ്ങളാണ്.**

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلسَّمَآءِ وَٱلطَّارِقِ ﴿١﴾ وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ﴿٢﴾ ٱلنَّجۡمُ ٱلثَّاقِبُ
﴿٣﴾ إِن كُلُّ نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ﴿٤﴾ فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ﴿٥﴾
خُلِقَ مِن مَّآءٖ دَافِقٖ ﴿٦﴾ يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ﴿٧﴾ إِنَّهُۥ
عَلَىٰ رَجۡعِهِۦ لَقَادِرٞ ﴿٨﴾ يَوۡمَ تُبۡلَى ٱلسَّرَآئِرُ ﴿٩﴾ فَمَا لَهُۥ مِن قُوَّةٖ
وَلَا نَاصِرٖ ﴿١٠﴾ وَٱلسَّمَآءِ ذَاتِ ٱلرَّجۡعِ ﴿١١﴾ وَٱلۡأَرۡضِ ذَاتِ ٱلصَّدۡعِ ﴿١٢﴾
إِنَّهُۥ لَقَوۡلٞ فَصۡلٞ ﴿١٣﴾ وَمَا هُوَ بِٱلۡهَزۡلِ ﴿١٤﴾ إِنَّهُمۡ يَكِيدُونَ كَيۡدٗا ﴿١٥﴾
وَأَكِيدُ كَيۡدٗا ﴿١٦﴾ فَمَهِّلِ ٱلۡكَٰفِرِينَ أَمۡهِلۡهُمۡ رُوَيۡدَۢا ﴿١٧﴾

അ(

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആകാശമാണ് സത്യം. രാവിൽ പ്രത്യക്ഷപ്പെടുന്നതിനെക്കൊണ്ടും സത്യം.
2. രാവിൽ പ്രത്യക്ഷപ്പെടുന്നതെന്തെന്ന് നിനക്കെന്തറിയാം?
3. തുളച്ചുകയറും നക്ഷത്രമാണത്.
4. മേൽനോട്ടക്കാരനില്ലാതെ ഒരു ആത്മാവുമില്ല.
5. മനുഷ്യൻ നോക്കട്ടെ; എന്തിൽനിന്ന് താൻ സൃഷ്ടിക്കപ്പെട്ടുവെന്ന്.
6. അവൻ സൃഷ്ടിക്കപ്പെട്ടത് സ്രവിച്ച വെള്ളത്തിൽ നിന്നാണ്.
7. മുതുകെല്ലിൻെറയും വാരിയെല്ലിൻെറയും ഇടയിൽനിന്ന് പുറപ്പെടുന്നതാണത്.
8. തീർച്ചയായും അവനെ തിരികെ കൊണ്ടുവരാൻ കഴിവുററവനാണ് അല്ലാഹു.
9. രഹസ്യകാര്യങ്ങളെ വിലയിരുത്തപ്പെടും ദിനം.
10. അപ്പോൾ അവന് ഒരു ശക്തിയോ സഹായിയോ ഉണ്ടാകുന്നതല്ല.
11. മഴ വർഷിക്കുന്ന മാനത്തെക്കൊണ്ട് സത്യം.
12. (സസ്യങ്ങൾ മുളക്കുമ്പോൾ) പിളരുന്ന ഭൂമിയെക്കൊണ്ടും സത്യം.

13. നിശ്ചയമായും ഇതൊരു നിർണായക വചനമാണ്.
14. ഇത് തമാശയല്ല.
15. തീർച്ചയായും അവർ കുതന്ത്രം പ്രയോഗിക്കുന്നുണ്ട്.
16. ഞാനും തന്ത്രം പ്രയോഗിക്കുന്നുണ്ട്.
17. അതിനാൽ സത്യനിഷേധികൾക്ക് നീ ഇളവ് നൽകുക. അവർക്ക് പതുക്കെ ഇളവ് അനുവദിക്കുക.

വിശദീകരണം:

ചില പരമാർഥങ്ങൾ മനുഷ്യന്റെ മുമ്പിലേക്ക് കൊണ്ടുവരുന്നതിന് അല്ലാഹു പ്രാപഞ്ചിക പ്രതിഭാസങ്ങളെ പിടിച്ചാണയിട്ടാണ് അത് അവതരിപ്പിക്കുന്നത്. ഒന്നും രണ്ടും മൂന്നും വചനങ്ങളുടെ പ്രതിപാദനം അതത്രെ. ആകാശലോകത്തെയും അതിൽ സ്ഥാപിച്ചിട്ടുള്ള തുളച്ചുകയറുന്ന നക്ഷത്രത്തെയുമാണ് സത്യം ചെയ്യാൻ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ആത്യന്തികത ചെന്നെത്തുന്നത് അവയെ സൃഷ്ടിച്ച ഏകദൈവത്തിലേക്കാണ്.

ഓരോരുത്തർക്കും സംരക്ഷകരും നിരീക്ഷകരുമായ മാലാഖമാരെ അല്ലാഹു മേൽനോട്ടക്കാരായി നിശ്ചയിച്ചിട്ടുണ്ട്. അതവരെ ആപത്തുകളിൽനിന്ന് സംരക്ഷിക്കുന്നതോടൊപ്പം അവരുടെ കർമങ്ങളെ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നു. അതത്രെ നാലാം വചനത്തിന്റെ സാരാംശം. ആകാശലോകത്തെ സംബന്ധിച്ച് ഉൽബോധിപ്പിച്ച ഉടനെ മനുഷ്യനോട് സ്വന്തം അസ്തിത്വത്തെ സംബന്ധിച്ച് ചിന്തിക്കുവാൻ ആവശ്യപ്പെടുന്നു: "മനുഷ്യൻ നോക്കട്ടെ, അവൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടതെന്ന്."

ആറും ഏഴും വചനങ്ങളിൽ മനുഷ്യസൃഷ്ടിപ്പിന്റെ അത്ഭുതകരമായ പ്രതിഭാസത്തെ മനുഷ്യചിന്തക്ക് മുമ്പിൽ വരച്ചുകാണിക്കുന്നു. സ്ത്രീസംയോജനം മുതൽ അവന്റെ ജനനം വരെയുള്ള ഓരോ ഘട്ടത്തെയും പ്രതിപാദിക്കുകയാണ് അല്ലാഹു ചെയ്യുന്നത്. ആയിരത്തിനാനൂറ് കൊല്ലങ്ങൾക്കു മുമ്പ് നിരക്ഷരനായ തന്റെ ദൂതനിലൂടെ അല്ലാഹു ജനിതകശാസ്ത്രത്തിന്റെ വിസ്മയകരമായ സത്യം ലോകത്തിന് മുമ്പിൽ വിവരിച്ചുകൊടുക്കുകയുണ്ടായി. ഏകദൈവത്തിന്റെ ശക്തി-മാഹാത്മ്യങ്ങളിലേക്ക് മനുഷ്യ ശ്രദ്ധ ക്ഷണിക്കുകയാണതു വഴി ചെയ്യുന്നത്.

അതേയവസരം, ഏറെ സങ്കീർണമായ ഈ നിർമാണ പ്രവർത്തനം നടത്താൻ ശക്തനായ അല്ലാഹുവിന് മനുഷ്യനെ തിരിച്ചുപിടിക്കാനും പുനരുജ്ജീവിപ്പിക്കാനും സാധിക്കും എന്നാണ് അടുത്ത വചനത്തിൽ സൂചിപ്പിക്കുന്നത്. ജീവിതം കേവലം വിനോദത്തിനായിരുന്നെങ്കിൽ ഈ വിധത്തിലുള്ള മരണത്തിന്റെയും പുനർജന്മത്തിന്റെയുമൊന്നും ആവശ്യം ഉണ്ടായിരുന്നില്ലല്ലോ.

എട്ടും ഒമ്പതും വചനങ്ങളിൽ പരലോക വിചാരണയുടെ രീതിയെ സംബന്ധിച്ച് മനുഷ്യനെ ഇങ്ങനെ ബോധ്യപ്പെടുത്തുന്നു: അവിടെ കർമങ്ങൾ മാത്രമല്ല വിചാരണക്ക് വിധേയമാക്കുക. മറിച്ച്, അതിന്റെ പിന്നിലുള്ള നിമിത്തങ്ങളും അതെ തുടർന്നുണ്ടായ പ്രതിഫലനങ്ങളും അതിന്റെ ഉദ്ദേശ്യവും പാർശ്വഫലങ്ങളെന്തെല്ലാം, അനന്തര തലമുറകളിൽ അതെത്ര മാത്രം സ്വാധീനം ചെലുത്തി തുടങ്ങിയ കാര്യങ്ങളും അന്ന് വിചാരണക്ക് വിധേയമാക്കുന്നതാണ്. അന്ന് ദൈവികവിചാരണയിൽനിന്ന് അവനെ രക്ഷപ്പെടുത്താനോ ശിക്ഷയിൽ ലഘൂകരണം വരുത്താനോ അതിനുള്ള ശിപാർശക്കോ ആർക്കും ആരും സഹായികളായി ഉണ്ടാകുന്നതല്ല. മനഷ്യൻ ആ ദിനം സ്വയം തന്നെ കഴിവ് കെട്ടവനും നിസ്സഹായനുമായിരിക്കും.

പത്ത് മുതൽ പതിനാല് വരെയുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നു, മഴ പെയ്യുന്ന ആകാശവും ചെടി കിളിർത്തു വരുമ്പോൾ പിളരുന്ന ഭൂമിയും മനുഷ്യനെ സംബന്ധിച്ചിടത്തോളം എത്രമാത്രം യാഥാർഥ്യവും ഗൗരവതരവുമാണോ അതേ ഗൗരവത്തോടെ തന്നെ പറയുന്നു, നിങ്ങൾ ദൈവത്തിങ്കലേക്ക് മടങ്ങിവരണമെന്നത് നിർണായകമായ പരമാർഥമാണ്, തമാശയല്ല.

ഖുർആൻ കെട്ടുകഥയാണെന്നും എവിടെനിന്നോ പഠിച്ചു വന്ന് മുഹമ്മദ് അവതരിപ്പിക്കുകയാണെന്നും മറ്റും മക്കയിലെ നിഷേധികൾ പറഞ്ഞുപരത്തിയിരുന്നു. അവസാനത്തെ മൂന്ന് വചനങ്ങളിൽ അതെപ്പറ്റി പറയുന്നു: ഖുർആന്റെ സന്ദേശത്തെ പരാജയപ്പെടുത്താൻ ഈ ബഹുദൈവവിശ്വാസികളും അവിശ്വാസികളുമായ ആളുകൾ പല കുതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. അവരത് ചെയ്യട്ടെ. അവരുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തുന്ന തന്ത്രങ്ങൾ നാമും പ്രയോഗിക്കും. ഈ വ്യവസ്ഥയെ വിജയിപ്പിക്കാനുള്ള പദ്ധതികളും നാം നടപ്പിലാക്കുന്നുണ്ട്. അതിനാൽ അവർ എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് കാത്തിരുന്ന് കാണുക. അവരത് നടപ്പിലാക്കട്ടെ. നാം അതിന്റെ മറുതന്ത്രം പ്രയോഗിക്കുമ്പോൾ അവർക്ക് അവരുടെ ദൗർബല്യം സ്വയം ബോധ്യപ്പെടുന്നതായിരിക്കും. അതിനാൽ

അവരുടെ കാര്യത്തിൽ ധിറുതി വേണ്ടാ. അനുഭവിക്കാൻ പോകുന്ന ശിക്ഷ എന്തെന്ന് സ്വയം ബോധ്യപ്പെടും വിധം അവർക്ക് സമയം അനുവദിക്കുക.